

വി.പി ഇസ്മാഈൽ ഹാജി/
സ്വദ്റുദ്ദീൻ വാഴക്കാട്

● സംഭാഷണം

# പുരോഹിതരും പ്രമാണിമാരും കൈകോർത്തപ്പോൾ

*കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സ്വദേശി വി.പി ഇസ്മാഈൽ ഹാജി 1949-ലാണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായത്. നാലാം ക്ലാസ് വരെ സ്കൂൾ വിദ്യാഭ്യാസവും മൂന്ന് വർഷത്തെ പള്ളി ദർസ് പഠനവും മാത്രമുള്ള അദ്ദേഹം ജമാഅത്തിന്റെ ഫർഖാ കൺവീനർ, സാഹിത്യ പ്രചാരകൻ, ഏരിയാ ഓർഗനൈസർ, ഫുൾടൈം പ്രവർത്തകൻ, ജില്ലാ പ്രസിഡന്റ് തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്. കൊടുവള്ളിയും വയനാടുമാണ് പ്രധാന പ്രവർത്തന കേന്ദ്രങ്ങൾ. 1952-ൽ വയനാട്ടിലെത്തിയ ഇസ്മാഈൽ ഹാജിയാണ് അവിടെ പ്രസ്ഥാനം കെട്ടിപ്പടുത്തവരിൽ പ്രഥമ സ്ഥാനത്ത്. 2007 വരെ വയനാട് ജില്ലാ പ്രസിഡന്റ് സ്ഥാനത്ത് തുടർന്ന അദ്ദേഹം 80-ാം വയസ്സിലും പ്രവർത്തനരംഗത്ത് സജീവമാണ്.*

**ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക്**

ഞങ്ങളുടെ നാട്ടിൽ യാഥാസ്ഥിതികത്വത്തോട് എതിർപ്പുള്ള കുറേ പേരുണ്ടായിരുന്നു. അവരിലൊരാളായിരുന്നു ഞാനും. അന്ന് ജമാഅത്ത്, മുജാഹിദ് വേർതിരിവുകളൊന്നും ആളുകൾക്കിടയിലുണ്ടായിരുന്നില്ല. കുന്ദമംഗലത്താണ് ജമാഅത്തിന്റെ കാര്യമായ പ്രവർത്തനങ്ങൾ നടന്നിരുന്നത്. അവിടെ ഒരു ഓഫീസും ഉണ്ടായിരുന്നു. മറ്റൊരു സ്ഥലം ചേന്ദമംഗല്ലൂരാണ്.

ഞാൻ അന്ന് മുസ്‌ലിംലീഗ് പ്രവർത്തകനാണ്. ഡിസ്ട്രിക്റ്റ് ബോർഡ് ഇലക്ഷനിൽ മത്സരിക്കാൻ ബാഫഖി തങ്ങൾ എന്റെ പേര് നിർദേശിച്ചിരുന്നു. ബാപ്പക്ക് ജമാഅത്തുമായി ആദ്യം ബന്ധമൊന്നുമുണ്ടായിരുന്നില്ല. പിൽക്കാലത്ത് ജമാഅത്തുമായി സഹകരിച്ചിരുന്നു. മുത്തഫിഖ് ഹൽഖയുടെ രേഖകളും മറ്റും പരിശോധിച്ചപ്പോൾ ബാപ്പയുടെ പേരും അതിൽ കാണുകയുണ്ടായി.

ഒരിക്കൽ എനിക്കൊരു നോട്ടീസ് കിട്ടി. കെ.സി അബ്ദുല്ല മൗലവി മൂഴിക്കലിൽ പ്രസംഗിക്കുന്നുവെന്നായിരുന്നു അതിൽ. 'ഖുർആൻ ക്ലാസ്' എന്നാണ് അച്ചടിച്ചിരുന്നത്. കെ.സി ഇവിടെ പള്ളിദർസിൽ കിതാബോതിയിരുന്നു. ആ നിലക്ക് എനിക്കദ്ദേഹത്തെ നേരത്തേ പരിചയമുണ്ട്. കെ.സിയുടെ യഥാർഥ നാട് കൊടുവള്ളിയാണ്. 'കുന്നത്തുചാലിൽ' ആണ് കെ.സിയുടെ തറവാട്. അബ്ദുല്ലത്വീഫ് കൊടുവള്ളിയുടെ വല്യുപ്പ മൊയ്തീൻ കുട്ടി മുസ്‌ലിയാരായിരുന്നു ഇവിടത്തെ മുദർരിസ്. കെ.സിയുടെ ബാപ്പ ഉസൻ മുസ്‌ലിയാർ കൊടിയത്തൂർ പള്ളിയിൽ കിതാബോതാൻ പോയതാണ്. കോയാമുട്ടി ഹാജിയുടെ വീട്ടിലായിരുന്നു അദ്ദേഹത്തിന് ഭക്ഷണം. ഉസൻ മുസ്‌ലിയാരുടെ ഖിറാഅത്തും സ്വഭാവവും കണ്ടപ്പോൾ കോയാമു ഹാജി മകളെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തു. അദ്ദേഹം പിന്നീട് അവിടെ താമസമാക്കി. അങ്ങനെയാണ് കെ.സി കൊടിയത്തൂർകാരനാകുന്നത്. കെ.സിയുടെ ബാപ്പയുടെ കുടുംബം കൊടുവള്ളിയിൽ തന്നെയാണ്.

കെ.സിയോട് എനിക്ക് വലിയ മതിപ്പായിരുന്നു. അതുകൊണ്ട് ഞാൻ കെ.സിയുടെ പ്രസംഗം കേൾക്കാൻ പോകാൻ തീരുമാനിച്ചു. ലീഗുകാരനായിത്തന്നെയാണ് പോയത്. കെ.സിയുടെ പ്രസംഗം കേൾക്കുക മാത്രമായിരുന്നു ലക്ഷ്യം. വൈകുന്നേരം മൂഴിക്കലിലെത്തി. കെ.പി കമാലുദ്ദീന്റെ ബാപ്പ അബ്ദുസ്സലാം മാസ്റ്ററായിരുന്നു യോഗം സംഘടിപ്പിച്ചത്. ഞാൻ മൂഴിക്കലിലെത്തി കെ.സിയെ കണ്ട് പരിചയം പുതുക്കി. എന്റെ കുടുംബത്തെ കെ.സിക്ക് അറിയാമായിരുന്നു. അദ്ദേഹം എന്നെ ചേന്ദമംഗല്ലൂരിലേക്ക് ക്ഷണിച്ചു: 'വെള്ളിയാഴ്ച ചേന്ദമംഗല്ലൂരിലേക്ക് വരണം. അന്ന് വാരാന്തയോഗമുണ്ടാകും, അതിൽ പങ്കെടുക്കാം.'

പ്രസംഗം കഴിഞ്ഞത് രാത്രി ഏകദേശം 8 മണിക്കാണ്. പോകുമ്പോൾ അദ്ദേഹം 'വെള്ളിയാഴ്ച വരണം' എന്ന് വീണ്ടും എന്നോട് പറഞ്ഞു. വരാമെന്ന് ഞാനേറ്റു. കെ.സിയോട് പറഞ്ഞ വാക്കു പാലിക്കണമല്ലോ, ഞാൻ വെള്ളിയാഴ്ച വൈകുന്നേരം ചേന്ദമംഗല്ലൂരിലെത്തി. കെ.സി അവിടെ ഉണ്ടായിരുന്നില്ല. മഗ്‌രിബിനു ശേഷമാണ് യോഗം, അതു കഴിഞ്ഞാൽ തിരിച്ചുപോകാൻ കഴിയില്ല. എനിക്കാകട്ടെ, അവിടെ ആരെയും പരിചയവുമില്ല. രാത്രിഭക്ഷണം ഞാൻ ഹോട്ടലിൽ ഏൽപിച്ചു. മഗ്‌രിബിനു ശേഷം യോഗത്തിൽ പോയി എന്നെ പരിചയപ്പെടുത്തി. കെ.സി പറഞ്ഞിട്ട് വന്നതാണെന്ന് അറിയിച്ചു. ഇശാഅ് വരെയായിരുന്നു യോഗം. ഞാൻ പങ്കെടുത്ത ആദ്യത്തെ ജമാഅത്ത് യോഗമായിരുന്നു അത്. ഇശാഅ് നമസ്കാരം കഴിഞ്ഞപ്പോഴേക്കും കെ.സി എത്തി. അദ്ദേഹം അക്കാലത്ത് കോഴിക്കോട്ട് മരമില്ല് നടത്തുകയായിരുന്നു. യോഗത്തിനെത്താൻ അന്ന് വൈകിയതാണ്. കെ.സി എന്നെ വീട്ടിലേക്ക് ക്ഷണിച്ചു, ഭക്ഷണം കഴിച്ച് അവിടെ ഉറങ്ങാമെന്നു പറഞ്ഞു. ഞാൻ ഹോട്ടലിൽ ഭക്ഷണമേൽപിച്ചുവെന്ന് പറഞ്ഞപ്പോൾ, അതെന്തിനായിരുന്നുവെന്നായി കെ.സി. 'ഏൽപിച്ച സ്ഥിതിക്ക്, ഇനി അത് കഴിക്കണമല്ലോ' - ഞാൻ പറ

ഞ്ഞു. കെ.സിയും എന്റെ കൂടെ ഹോട്ടലിൽ വന്നു, ഞാൻ ഭക്ഷണം കഴിച്ചു. ഞാൻ പള്ളിയിൽ കിടക്കാം എന്നു പറഞ്ഞെങ്കിലും കെ.സി സമ്മതിച്ചില്ല. 'എനിക്കിവിടെ ഒരു വീടുണ്ട്, പിന്നെന്തിനാണ് പള്ളിയിൽ കിടന്നുറങ്ങുന്നത്' എന്ന് അദ്ദേഹം ഗൗരവത്തോടെ ചോദിച്ചു. നിർബന്ധത്തിനു വഴങ്ങി ഞാൻ അദ്ദേഹത്തിന്റെ കൂടെ പോയി. കെ.സിക്ക് ഭക്ഷണം എടുത്തുവെച്ചു; കഞ്ഞിയും ചേമ്പിൻകറിയും. കഴിക്കാൻ എന്നെയും വിളിച്ചു. നേരത്തേ കഴിച്ചതിനാൽ ഞാൻ വേണ്ടെന്നു പറഞ്ഞു. പക്ഷേ, കെ.സി വിട്ടില്ല. ഒരുപാട് നിർബന്ധിച്ചപ്പോൾ ഞാൻ കുറച്ച് കഞ്ഞികുടിച്ചു.

അക്കാലത്ത് ഞാൻ വെറ്റില മുറുക്കാറുണ്ടായിരുന്നു. ഇത് കെ.സി എങ്ങനെയോ മനസ്സിലാക്കി. കഞ്ഞികുടി കഴിഞ്ഞ് തിണ്ടിൽ ഇരിക്കുമ്പോൾ അദ്ദേഹം അടുത്ത വീട്ടിൽ പോയി വെറ്റിലയും മറ്റും വാങ്ങിക്കൊണ്ടുവന്നു. 'ഇവിടെ മുറുക്കുന്നവരാരുമില്ല, അടുത്ത വീട്ടിൽനിന്ന് വാങ്ങിയതാണ്, പറ്റുമോ എന്നറിയില്ല' എന്നും പറഞ്ഞു. ഞാനാകെ വല്ലാതായി. കെ.സിയെ പ്പോലെ വലിയൊരു പണ്ഡിതൻ, രാത്രി അടുത്ത വീട്ടിൽ പോയി എനിക്ക് മുറുക്കാൻ വാങ്ങിക്കൊണ്ടുവരിക - എനിക്കത് സങ്കൽപിക്കാനായില്ല. സത്യത്തിൽ എനിക്കപ്പോൾ മുറുക്കാൻ നിർബന്ധമുണ്ടായിരുന്നില്ല.

ഓഫീസ് റൂമിൽ ഉറങ്ങാൻ കിടന്നു. എനിക്കാകെ ഒരസ്വസ്ഥത. ഞാൻ സാധാരണ മറ്റൊരു സ്ഥലത്തും പോയി ഉറങ്ങാറില്ല. എങ്ങനെയോ സ്വുബ്ഹിന്റെ സമയമായി. നമസ്കരിച്ചശേഷം, 'നേരം പുലർന്നിട്ടില്ല കുറച്ചുകൂടി ഉറങ്ങിക്കോ' എന്ന് പറഞ്ഞ് കെ.സി പോയി. ഞാൻ വീണ്ടും കിടന്നെങ്കിലും ഉറക്കം വന്നില്ല. എനിക്ക് പോകാൻ ധൃതിയായി. ഞാൻ വാതിൽ തുറക്കാൻ നോക്കുമ്പോൾ പുറത്തുനിന്ന് പൂട്ടിയിരിക്കുന്നു. കുറച്ച് കഴിഞ്ഞപ്പോൾ കെ.സി വന്ന് വാതിൽ തുറന്നു. ഒരു തോർത്തുമുണ്ട് എടുത്തു തന്ന് പുഴയിൽ പോയി കുളിച്ചുവരാൻ പറഞ്ഞു. ഞാൻ വീട്ടിലെത്തിയിട്ട് കുളിച്ചോളാം എന്നു പറഞ്ഞെങ്കിലും കെ.സി വിട്ടില്ല; 'ഇത്രനല്ല വെള്ളം കൊടുവള്ളിയിൽ കിട്ടില്ല, ഇത് ചാലിയാറിലെ വെള്ളമാണ്.' ഞാൻ പോയി കുളിച്ചുവന്നു.

കെ.സി കറിവെക്കാൻ കോഴിയെ അറുത്ത് ശരിയാക്കാൻ പോയതായിരുന്നു. അപ്പോഴാണ് എന്നെ പൂട്ടിയിട്ടത്. അത് വേവാനുള്ള സമയത്തിനാണ് എന്നെ കുളിക്കാനയച്ചത്. കുളിച്ചുവന്നപ്പോൾ ചായ റെഡി, കോഴിക്കറിയും പത്തിരിയും. വളരെ ജോറായ സൽക്കാരം. ഒരു പുതിയാപ്ല തക്കാരം പോലെയുണ്ട്. പോകാൻ നേരം കെ.സി പറഞ്ഞു: 'അടുത്ത വെള്ളിയാഴ്ച വാരാന്തയോഗത്തിൽ ഞാനുമുണ്ടാകും. ഇതിലേ നടന്നു വന്നാൽ മതി.' അന്ന് ബസ് വളരെ കുറവായിരുന്നു. അന്നുമുതൽ ഞാൻ വെള്ളിയാഴ്ചതോറും ചേന്ദമംഗല്ലൂരിലേക്ക് യോഗത്തിന് പോകാൻ തുടങ്ങി.

## കൊടുവള്ളിയിലെ പ്രവർത്തനങ്ങൾ

ഈ പ്രദേശത്ത് ഒരു ഓത്തുപള്ളിയാണ് അക്കാലത്തുണ്ടായിരുന്നത്. എന്റെ മൂത്താപ്പ അഹ്മദ് മുസ്‌ലിയാരായിരുന്നു അതിലെ മൊല്ലാക്ക. കുറച്ച് കുട്ടികൾ അവിടെ പഠിക്കാൻ വന്നിരുന്നു. പ്രത്യേക താളത്തിലും ഈണത്തിലും ചൊല്ലിപ്പഠിക്കുന്ന രീതിയാണന്നുള്ളത്. ചീടിതേച്ച ഒരു പലക. അതിന് ഒരു ഓട്ടയുണ്ടാകും. അതിൽ കയറിട്ട് തൂക്കിപ്പിടിക്കും. അതിൽ അറബി അക്ഷരങ്ങളും സൂറത്തുൽ ഫാതിഹയും എഴുതിക്കൊടുക്കും. എല്ലാ പ്രായത്തിലുമുള്ള കുട്ടികളും ഒരു ക്ലാസ്സിൽ, ഒരു മൊല്ലാക്കയുടെ കീഴിൽ ഓതും. ശമ്പളമില്ല. കുട്ടികൾ 'വ്യാഴാഴ്ച മുക്കാൽ' കൊടുക്കും. അതാണ് മൊല്ലാക്കയുടെ വരുമാനം. ഓത്തുപള്ളിയുടെ എല്ലാ അധികാരവും മൊല്ലാക്കയിൽ നിക്ഷിപ്തമാണ്. അന്ന് ചേന്ദമംഗല്ലൂരിൽ മാത്രമാണ് മദ്റസ ഉണ്ടായിരുന്നത്.

കൊടുവള്ളി വയപുറത്ത് ഒരു മദ്റസ തുടങ്ങുന്നതിനെക്കുറിച്ച് ഞങ്ങൾ ചർച്ചചെയ്തു. പള്ളിക്കമ്മിറ്റിയെ സംബന്ധിച്ചേടത്തോളം മദ്റസയെക്കുറിച്ച് ആലോചിക്കാനേ അവർക്കാവില്ലായിരുന്നു. മദ്റസയിൽ അധ്യാപകൻ വേണം, അവർക്ക് ശമ്പളം കൊടുക്കണം, പുസ്തകങ്ങളും ക്ലാസും ബെഞ്ചും ഡെസ്കുമെല്ലാം വേണം. പള്ളിക്കമ്മിറ്റിയും കാരണവന്മാരും മദ്റസയെ എതിർത്തു. ഞങ്ങൾ യോഗം ചേർന്നു. ഒരു വിഭാഗം സുന്നികളും മദ്റസ വേണം എന്ന അഭിപ്രായക്കാരായിരുന്നു. ഞങ്ങൾ വിഷയം ചർച്ചചെയ്തു. പക്ഷേ, എവിടെ തുടങ്ങും എന്നായി ചർച്ച. ഈ പ്രദേശത്തിന്റെ രണ്ട് ഭാഗത്തുള്ളവരുമുണ്ട് യോഗത്തിൽ. ഇരുവിഭാഗവും അവരവരുടെ ഭാഗത്ത് തുടങ്ങണം എന്ന അഭിപ്രായക്കാരായിരുന്നു. കുട്ടികൾക്ക് പോകാനുള്ള സൗകര്യമായിരുന്നു നോക്കിയത്. ചർച്ച അലസിപ്പിരിഞ്ഞു. ഞങ്ങൾ വേറെ യോഗം ചേർന്നു. ഇവിടെ ഒരു മദ്റസ തുടങ്ങാൻ തീരുമാനിച്ചു. ചെറിയഹമ്മദ് ഹാജി അഞ്ച് സെന്റ് സ്ഥലം തന്നു. ഞങ്ങൾ അതിൽ മദ്റസ തുടങ്ങി. ഓല ഷെഡ്. ഓല മെടഞ്ഞ് അതിലാണിരിക്കുക. രണ്ട് അധ്യാപകരെ നിശ്ചയിച്ചു; ആലിക്കുഞ്ഞി മൊല്ലാക്ക, അയമു ഹാജി. മുപ്പതു കുട്ടികൾ ചേർന്നു. മദ്റസ ഒരുവിധം സജീവമായി മുന്നോട്ടുപോയി. ചേന്ദമംഗല്ലൂർ മദ്റസയിൽ പോയി ഞങ്ങൾ പാട്ടുകൾ സംഘടിപ്പിച്ചുകൊണ്ടുവന്ന് കുട്ടികളെ പഠിപ്പിക്കാറുണ്ടായിരുന്നു. മദ്റസ നന്നായി നടക്കാൻ തുടങ്ങിയതോടെ ഞങ്ങളും പാരമ്പര്യ സുന്നികളും തമ്മിലുള്ള എതിർപ്പ് ശക്തമായി.

നാട്ടിൽ ഞങ്ങൾ വഹാബികൾ എന്നാണറിയപ്പെട്ടിരുന്നത്. പരമ്പരാഗത ആചാരങ്ങളെയും മാമൂലുകളെയും എതിർക്കുന്നവരെല്ലാം 'വഹാബി'കൾ എന്നാണറിയപ്പെട്ടത്. പിന്നെ മൗദൂദികൾ എന്നും വിളിക്കാൻ തുടങ്ങി. ഞങ്ങളന്ന് നാട്ടിലെ വിപ്ലവകാരികളായാണ് അറിയപ്പെട്ടിരുന്നത്. എല്ലാവരെയും വെല്ലുവിളിക്കും, തെറ്റുകൾ ചോദ്യം ചെയ്യും. പരസ്യമായിത്തന്നെയായിരുന്നു പ്രവർത്തനങ്ങൾ. കാരണവന്മാർക്കും മുസ്‌ലിയാക്കന്മാർക്കും ഞങ്ങളുടെ പ്രവർത്തനങ്ങൾ വലിയ പ്രയാസങ്ങളുണ്ടാക്കി. ഞങ്ങൾക്കെതിരെ വഅ്ളുകൾ നടന്നു. മറുപടി പ്രസംഗങ്ങൾ ഞങ്ങളും നടത്താറുണ്ടായിരുന്നു. പള്ളികളിൽ വഹാബി-മൗദൂദികളെ എതിർത്ത് പ്രസംഗിച്ചാൽ ഞങ്ങളതിന് അവിടെവെച്ചുതന്നെ മറുപടി പറയും. കെ.സി അബ്ദുല്ല മൗലവിയുടെ ഒരു പ്രസംഗം ഇവിടെ വയലിൽ വെച്ച് നടന്നിരുന്നു. സുന്നി മുസ്‌ലിയാക്കന്മാർ ജമാഅത്തെ ഇസ്‌ലാമിയെ വിമർശിച്ചതിനുള്ള മറുപടിയായിരുന്നു അത്. കൊടുവള്ളിയിൽനിന്നും പരിസരങ്ങളിൽനിന്നുമായി ആയിരത്തോളം ആളുകൾ 1953/'54-ലെ ആ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. വേറിട്ട ഒരു സ്വഭാവം ഇവിടത്തെ പ്രവർത്തനങ്ങൾക്കുണ്ടായിരുന്നു. അത്തരം പ്രവർത്തനങ്ങളെതുടർന്ന് ഞങ്ങൾക്കെതിരെ ബഹിഷ്കരണാഹ്വാനമുണ്ടായി. ശാരീരിക മർദനവും എനിക്ക് ഏൽക്കേണ്ടിവന്നു.

ഒരിക്കൽ ഞാൻ കോഴിക്കോട്ട് പോയി വീട്ടിലേക്ക് തിരിച്ചുവരികയായിരുന്നു. കൊടുവള്ളിയിൽ ബസിറങ്ങി വയപുറത്തേക്ക് നടക്കണം. രാത്രിയാണ്. എന്റെ കൂടെ പീടികയിൽ സാധനങ്ങൾ പൊതിഞ്ഞുകൊടുക്കുന്ന ഒരു കുട്ടിയുമുണ്ട്. അവനാണ് ചൂട്ട് പിടിച്ചിരുന്നത്. ഞങ്ങൾ നടത്തം തുടങ്ങി കുറച്ച് മുമ്പോട്ടു പോന്നപ്പോൾ എന്റെ നെറ്റിയിൽ എന്തോ ഇടിച്ചു. മരക്കൊമ്പോ മറ്റോ ആയിരിക്കുമെന്ന് ഞാൻ കരുതി. അടിയാണെന്ന് മനസ്സിലായില്ല. തലയിൽ നല്ല വേദന. ഉടനെ രണ്ടാമത്തെ അടി. അപ്പോഴാണിത് ആരോ അടിക്കുകയാ

ണെന്ന് മനസ്സിലായത്. അടികൊണ്ട് നെറ്റി പൊട്ടി, ചോര ഒലിച്ചു. മുഖത്തും കുപ്പായത്തിലുമെല്ലാം ചോര. അടി കിട്ടുന്നതുകണ്ട് എന്റെ കൂടെയുണ്ടായിരുന്ന കുട്ടി പേടിച്ച് ഓടിപ്പോയിരുന്നു. ഞാൻ ഇരുട്ടിൽ തപ്പിത്തടഞ്ഞ് മുമ്പോട്ടു നടന്നു. കുറച്ചു ചെന്നപ്പോൾ അവൻ എന്നെ കാത്തുനിൽക്കുന്നുണ്ട്. ഞങ്ങൾ നടന്ന് പള്ളിയുടെ അടുത്തെത്തി.

ഞങ്ങൾ രണ്ടുമൂന്നുപേർ എന്നും രാത്രി പള്ളിയുടെ അടുത്തിരുന്ന് പല വിഷയങ്ങളും സംസാരിച്ചാണ് വീട്ടിലേക്ക് പോവുക. ഞാൻ എത്താൻ വൈകിയതുകൊണ്ട് മറ്റുള്ളവർ എന്നെ കാത്തിരിക്കുന്നുണ്ട്. ഞാൻ അവരുടെ അടുത്തേക്ക് പോകാതെ കുളത്തിലിറങ്ങി മുഖവും കുപ്പായവുമൊക്കെ കഴുകി ചോരയൊക്കെ കളഞ്ഞു. 'ഇന്നെനിക്ക് നല്ല സുഖമില്ല, നമുക്ക് നാളെ സംസാരിക്കാം' എന്ന് കുളത്തിൽവെച്ചു തന്നെ ഞാനവരോട് വിളിച്ചുപറഞ്ഞു. അടികിട്ടിയതും ചോരയൊലിച്ചതും അവരറിയാതിരിക്കാനാണ് അങ്ങനെ ചെയ്തത്. അവരതൊരു പ്രശ്നമാക്കേണ്ട എന്നു കരുതി.

അടികിട്ടിയതിന്റെ പേരിൽ ഞാൻ കേസ് കൊടുക്കുമെന്നാണ് യാഥാസ്ഥിതികർ കരുതിയത്. പോലീസ് സ്റ്റേഷനിലോ കോടതിയിലോ കേസ് കൊടുത്താൽ അവർക്കത് പലരീതിയിലും ഉപയോഗപ്പെടുത്താനും വളച്ചൊടിക്കാനും കഴിയുമായിരുന്നു. അതാണവർ പ്രതീക്ഷിച്ചതും. ഞാൻ അടുത്ത ദിവസം എങ്ങോട്ടോ പോകാനിറങ്ങിയപ്പോൾ അവരെന്റെ പിന്നാലെ ആളെ അയക്കുകയും ചെയ്തു. ഞാനെങ്ങോട്ടാണ് പോകുന്നത്, എന്താണ് ചെയ്യുന്നത് എന്നെല്ലാം അറിയലായിരുന്നു അവരുടെ ലക്ഷ്യം.

യഥാർഥത്തിൽ നാട്ടിലെ പ്രമാണിമാരും മുസ്‌ലിയാക്കന്മാരുമായിരുന്നു ഇതിന്റെയെല്ലാം പിന്നിൽ. അവർ ഒത്തുചേർന്ന് ഏതാനും കുടുംബങ്ങൾക്കെതിരെ ബഹിഷ്കരണവും നടപ്പിലാക്കുകയുണ്ടായി.

**ബഹിഷ്കരണം**

ഇവിടത്തെ പ്രമാണിമാരും മുസ്‌ലിയാക്കന്മാരും കൂട്ടുചേർന്ന് നടത്തിയതായിരുന്നു ബഹിഷ്കരണം. ഒരു പ്രമാണി ഉണ്ടായിരുന്നു കൊടുവള്ളിയിൽ. വലിയ സമ്പന്നനും അന്നത്തെ അധികാരിയുമായ അദ്ദേഹം ഒരു ജന്മിയുടെ മിക്ക സ്വഭാവങ്ങളുമുള്ള ആളായിരുന്നു. ഒരാളും അദ്ദേഹത്തെ എതിർക്കില്ല. രാത്രി വീട്ടിൽവെച്ച് സ്വകാര്യമായി പോലും അദ്ദേഹത്തിനെതിരെ ആരും ഒന്നും പറയില്ല. അദ്ദേഹം പറഞ്ഞാൻ പിന്നെ ഈ ഭാഗത്തേക്ക് പോലീസും വരില്ല. ഒരാളെ തല്ലിക്കൊന്നാലും അധികാരിയോട് പറഞ്ഞാൽ മതി, പിന്നെ പോലീസ് ഒന്നും ചെയ്യില്ല. സുന്നി പണ്ഡിതന്മാരാരും അദ്ദേഹത്തിനെതിരെ ഒന്നും പറയില്ലെന്നു മാത്രമല്ല, അവർ അദ്ദേഹത്തിന്റെ പക്ഷത്താണുണ്ടാവുക. എല്ലാറ്റിനും അവർ കൂട്ടുനിൽക്കും. സമ്പന്നവർഗവും പൗരോഹിത്യവും ഒന്നിച്ചു നിൽക്കുമെന്നത് ഞങ്ങൾക്ക് അനുഭവത്തിൽ കാണാൻ കഴിഞ്ഞതാണ്.

പക്ഷേ, മുതലാളിമാരുടെ ചൂഷണത്തെയും മത നേതാക്കളുടെ കൊള്ളരുതായ്മകളെയും ഞങ്ങൾ നന്നായി വിമർശിക്കും. സാമ്പത്തിക തട്ടിപ്പുകൾക്കും മർദനത്തിനുമെതിരെ നിലകൊള്ളാൻ ഞങ്ങൾക്കൊട്ടും മടിയുണ്ടായിരുന്നില്ല. ഇങ്ങനെ വിപ്ലവകാരികളായിട്ടാണ് ജമാഅത്തുകാർ ഇവിടെ പ്രവർത്തനമാരംഭിച്ചത്. മുജാഹിദുകാർക്കാകട്ടെ ഇതൊന്നും ഒരു വിഷയമായിരുന്നില്ല. സാമ്പത്തിക ചൂഷണമോ അടിച്ചമർത്തലോ ഒന്നും അവർക്ക് ഒരു പ്രശ്നമല്ലായിരുന്നു.

ഒരു ഭാഗത്ത് ചൂഷകരായ മുതലാളിമാർക്കും മറുഭാഗത്ത് പാരമ്പര്യ സുന്നികൾക്കും ഞങ്ങൾ വലിയ ഭീഷണിയായി മാറി. സുന്നികൾ മുതലാളിമാരുടെ അടുത്ത് പോയി ഞങ്ങൾ പുത്തൻവാദികളാണെന്നും പിഴച്ചവരാണെന്നും പറയും. മുതലാളിമാരെ വിമർശിക്കുന്നതിനെക്കുറിച്ച് ജനങ്ങൾ ഒന്നും പറയില്ല. കാരണം എല്ലാവർക്കും അറിയാം അത് സത്യമാണെന്ന്. പ്രമാണിമാർക്കാകട്ടെ, ഞങ്ങളെ ജമാഅത്തുകാർ വിമർശിക്കുന്നു; അതുകൊണ്ട് അവരെ എതിർക്കണം എന്ന് പറയാനും കഴിയില്ല. അധികാരിയുടെ അടുത്ത് ചെന്ന് സുന്നികൾ ഞങ്ങളെക്കുറിച്ച് പരാതി പറയുമ്പോൾ അധികാരി ഞങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് വിളിപ്പിക്കും. പലതവണ അദ്ദേഹത്തിന്റെ വീട്ടിൽ പോകേണ്ടിവന്നിട്ടുണ്ട് ഞങ്ങൾക്ക്. ചിലപ്പോൾ അനുനയിപ്പിക്കാൻ ശ്രമിക്കും. മറ്റു ചിലപ്പോൾ ഭീഷണി മുഴക്കുകയും അവഹേളിക്കാൻ ശ്രമിക്കുകയും ചെയ്യും. ഒരുദിവസം അധികാരി ഞങ്ങളെ വിളിച്ച് പറഞ്ഞു: 'നമ്മൾ തമ്മിൽ ഇങ്ങനെ പിണങ്ങിക്കഴിയാൻ പാടില്ല. സഹകരിച്ച് നീങ്ങണം. നിങ്ങൾ എന്റെ മകന്റെ വീട്ടിൽ പോകണം. അവൻ നിങ്ങളെ ക്ഷണിക്കാൻ പറഞ്ഞിട്ടുണ്ട്.' അതനുസരിച്ച് ഞങ്ങൾ മകന്റെ വീട്ടിൽ പോയി. അവിടെ റാത്തീബ് നടക്കുകയാണ്. ആളുകൾ ഖുത്ബിയത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു. ഞങ്ങളെ ബലമായി അതിന്റെ നടുക്ക് പിടിച്ചിരുത്തി. അവഹേളിക്കാൻ വേണ്ടിയായിരുന്നു അത്. ഞങ്ങൾ എങ്ങനെയോ അവിടെനിന്ന് രക്ഷപ്പെടുകയാണുണ്ടായത്. പ്രമാണിമാർ തങ്ങളുടെ ചൂഷണവും തട്ടിപ്പുകളും മറച്ചുവെക്കാനും വിമർശനങ്ങൾ അവസാനിച്ചുകിട്ടാനും വേണ്ടി മതത്തിന്റെ പേരിൽ മുസ്‌ലിയാക്കന്മാരെയും യാഥാസ്ഥിതികരെയും ഇളക്കിവിടാൻ ശ്രമിച്ചു. ഇ.കെ അബൂബക്കർ മുസ്‌ലിയാരും മറ്റു പ്രമുഖ സുന്നീപണ്ഡിതന്മാരുമൊക്കെ പ്രമാണിമാരുടെ കൂടെനിന്നു. പുത്തൻവാദികൾ എന്ന് മുദ്രകുത്തി ഞങ്ങളെ ബഹിഷ്കരിക്കാൻ തീരുമാനിച്ചു. ഇ.കെ അബൂബക്കർ മുസ്‌ലിയാർ ഉൾപ്പെടെയുള്ള സുന്നിപണ്ഡിതന്മാരും പ്രമാണിമാരും മഹല്ലിലെ കാരണവന്മാരും കൂടിയാണ് തീരുമാനമെടുത്തത്. അധികാരിയുടെ മൂത്തമകൻ അന്ന് സുന്നി നേതാവായിരുന്നു. പള്ളികളിൽ ബഹിഷ്കരണം പ്രഖ്യാപിക്കാൻ മകനെയായിരുന്നു അധികാരി ചുമതലപ്പെടുത്തിയിരുന്നത്. കൊടുവള്ളിയിലെയും പരിസരപ്രദേശങ്ങളിലെയും പള്ളികളിൽ ജുമുഅക്കു ശേഷം അദ്ദേഹവും കൂട്ടരും ബഹിഷ്കരണതീരുമാനം പ്രഖ്യാപിച്ചു. ആർ.സി മൊയ്തീൻ സാഹിബ്, ആർ.വി അഹ്മദ് കുട്ടി, കെ.പി.സി അഹ്മദ്, അബൂബക്കർ മൗലവി എന്നിവരും ഞാനും ആണ് ബഹിഷ്കൃതരുടെ ലിസ്റ്റിൽ ഉണ്ടായിരുന്നത്. വിവാഹബന്ധം പാടില്ല, മഹല്ല് ഖബ്റിസ്ഥാനിൽ ഖബ്റടക്കില്ല തുടങ്ങിയവയായിരുന്നു പ്രധാന തീരുമാനങ്ങൾ. ബഹിഷ്കരണത്തോട് അഭിപ്രായവ്യത്യാസം ഉള്ള വരുണ്ടായിരുന്നെങ്കിലും പേടികാരണം ആരും എതിരുപറയാൻ തയാറായില്ല. പ്രമാണിമാരും മുസ്‌ലിയാക്കന്മാരും ചേർന്നുള്ള കളിയാണിതെന്നും അവർ തങ്ങളുടെ ചൂഷണങ്ങൾക്ക് മതത്തെ മറയാക്കുകയാണെന്നും ആളുകൾക്കറിയാമായിരുന്നു. ബഹിഷ്കരണകാലത്ത് യാഥാസ്ഥിതികർ മുസ്‌ലിയാക്കന്മാരെ കൊണ്ടുവന്ന് പ്രസംഗിപ്പിക്കുകയും 'കുഫ്ർ' ഫത്‌വകളിറക്കുകയും ചെയ്തിരുന്നു. ജമാഅത്ത് പ്രവർത്തകരായ കെ.പി.സി അഹ്മദിന്റെ കച്ചവടം ഒഴിപ്പിക്കുകയും ആലിക്കുഞ്ഞി മൊല്ലാക്കക്കെതിരിൽ കള്ളക്കേസ് കൊടുക്കുകയും ചെയ്യുകയുണ്ടായി. പല വിവാഹങ്ങളും മുടക്കി. 1955-ലെ ആ ബഹിഷ്കരണം 52 വർഷങ്ങളായി ഇന്നും പേരിന് തുടരുന്നുണ്ട്. ആദ്യകാലത്ത് ഇങ്ങനെയൊക്കെ എതിർത്തിരുന്നെങ്കിലും പിന്നീട് അധികാരി ഞങ്ങളോട് നല്ല ബന്ധത്തിലാണുണ്ടായിരുന്നത്. കെ. അബ്ദുസ്സലാം മൗലവിയുടെയും മറ്റും പ്രസംഗം കേൾക്കാൻ അദ്ദേഹം താൽപര്യം കാണിക്കാറുണ്ടായിരുന്നു.

ഈ ബഹിഷ്കരണ പ്രഖ്യാപനം

നടത്തിയ സുന്നീ നേതാവായിരുന്ന ടി. കെ.സി മോയിൻ ഹാജി പിന്നീട് ജമാഅത്തെ ഇസ്‌ലാമിയുടെ സഹയാത്രികനും നല്ല സഹായിയുമായി മാറി. ഞാൻ ഇടക്കിടെ അദ്ദേഹത്തിന്റെ വീട്ടിൽ പോകാറുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ തമ്മിൽ ഒരടുപ്പം വളർന്നുവന്നു. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് നീണ്ട ചർച്ചകൾ പലപ്പോഴും അദ്ദേഹത്തിന്റെ വീട്ടിൽവെച്ച് നടത്താറുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന് മൗദൂദി സാഹിബിന്റേതുൾപ്പെടെയുള്ള ഗ്രന്ഥങ്ങൾ നൽകും. അദ്ദേഹം അതെല്ലാം വായിക്കും. അങ്ങനെ ജമാഅത്ത് പറയുന്നതിന്റെ പൊരുളും ജമാഅത്തിന്റെ പ്രവർത്തനങ്ങളുടെ ആവശ്യകതയും അദ്ദേഹത്തിന് ബോധ്യപ്പെട്ടു. ഒരിക്കൽ അദ്ദേഹം എന്നെ വിളിച്ച് കെ.സി അബ്ദുല്ല മൗലവിയുടെ പ്രസംഗം സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും അതിനുവേണ്ട സഹായങ്ങൾ നൽകാമെന്ന് പറയുകയും ചെയ്തു. ഞാൻ കെ.സിയെ ക്ഷണിച്ചു. അദ്ദേഹത്തിന്റെ വീടിന്റെ സമീപമുള്ള ഗ്രൗണ്ടിൽവെച്ച് കെ.സി ഒരു ഗംഭീര പ്രസംഗം നടത്തി. അതോടെ അദ്ദേഹത്തിന്റെയുള്ളിൽ പ്രസ്ഥാനത്തെക്കുറിച്ച് നല്ല ഒരു ധാരണയുണ്ടായി. ഞാൻ കൂടെക്കൂടെ അദ്ദേഹത്തിന്റെ വീട്ടിൽ പോകും. ചെന്നില്ലെങ്കിൽ എന്നെ വിളിച്ചുവരുത്തും. ചർച്ച ജമാഅത്തിനെക്കുറിച്ചുതന്നെ. അദ്ദേഹം രോഗിയായി കിടക്കുമ്പോൾ, 'എന്റെ നല്ല കാലത്ത് ജമാഅത്തിനെ മനസ്സിലാക്കാനോ ആ മാർഗത്തിൽ പ്രവർത്തിക്കാനോ സാധിക്കാത്തതിൽ ദുഃഖമുണ്ട്' എന്ന് പറയാറുണ്ടായിരുന്നു. അവസാന കാലത്ത് എന്നെ വിളിച്ച് അദ്ദേഹത്തിന്റെ അഞ്ച് ഹെക്ടർ റബർതോട്ടം നമ്മുടെ മദ്റസക്ക് അദ്ദേഹം വഖ്ഫ് ചെയ്ത വിവരം അറിയിച്ചു.

കൊടുവള്ളിയിലെയും പരിസരങ്ങളിലെയും പ്രസ്ഥാന പ്രവർത്തനരംഗത്ത് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്ന ധാരാളം പേരുണ്ട്. ആർ.സി മൊയ്തീൻ സാഹിബാണ് അവരിൽ പ്രധാനി. പ്രസ്ഥാനം വളർത്തുന്നതിൽ നേതൃപരമായ പങ്ക് അദ്ദേഹത്തിന്റേതാണ്. ആർ.വി അഹ്മദ് കുട്ടി, കെ.പി.സി അഹ്മദ്, കെ. മുഹമ്മദ്, എൻ.പി അബൂബക്കർ ഹാജി, മർഹൂം സി. മുഹമ്മദ്, വി.എ അബൂബക്കർ മൗലവി തുടങ്ങിയ നിരവധി പ്രവർത്തകർ വേറെയുമുണ്ട്. താമരശ്ശേരിയിലെ യൂസുഫ് സാഹിബും അവരിലൊരാളാണ്. വളരെ വലിയൊരു ചരിത്രമാണ് കൊടുവള്ളിയുടേത്. അതൊക്കെ വിശദമായി വിവരിക്കുന്ന ഒരു പുസ്തകം ഞാൻ എഴുതിക്കൊണ്ടിരിക്കുന്നുണ്ട്.

## സാഹിത്യ പ്രചാരകൻ

കൊണ്ടോട്ടി അബ്ദുർറഹ്മാൻ സാഹിബ് നാസിമായിരുന്ന സമയത്ത് കോഴിക്കോട്ട് ആറ് ഫർഖകൾ രൂപീകരിച്ചു. ഓരോ ഫർഖക്കും ഓരോ സാഹിത്യ പ്രചാരകനെയും നിശ്ചയിച്ചു. കൊടുവള്ളി ഫർഖയുടെ സാഹിത്യ പ്രചാരകൻ ഞാനായിരുന്നു. പ്രസ്ഥാന സാഹിത്യങ്ങളുടെ പ്രചാരണവും പുതിയ പ്രവർത്തകരെ കണ്ടെത്തലും പുതിയ ഹൽഖകൾ രൂപീകരിക്കലുമൊക്കെയായിരുന്നു ചുമതലകൾ.

നിശ്ചയിക്കപ്പെട്ടതിന്റെ അടുത്ത ദിവസം തന്നെ ഒരു ബാഗിൽ പുസ്തകങ്ങളുമെടുത്ത് ഞാനിറങ്ങി. ഈ പ്രദേശം മുഴുവൻ പുസ്തകങ്ങളുമായി നടന്നു. എതിർപ്പുള്ള ആളുകളോട് വിശദമായി സംസാരിക്കും. നിരവധി പേരെ പ്രവർത്തകരാക്കി മാറ്റാനും കുറേ ഹൽഖകൾ രൂപീകരിക്കാനും സാധിച്ചു. പൂനൂർ, നെരോത്ത്, താമരശ്ശേരി, പരപ്പൻപൊയിൽ, പുല്ലൂരാംപാറ, തിരുവമ്പാടി തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഹൽഖകൾ നിലവിൽവന്നത് അങ്ങനെയാണ്.

പൂനൂർ മരക്കാർ ഹാജിയുടെ മകൻ ആർ.പി അബൂബക്കർ ഹാജി വലിയ പണക്കാരനായിരുന്നു. പലപ്പോഴും ഞാൻ അദ്ദേഹത്തെ കാണാൻ പോകാറുണ്ടായിരുന്നു. ആദ്യത്തെ തവണ തന്നെ ഐ.പി.എച്ചിന്റെ പുസ്തകങ്ങളുമായി വന്നതാണെന്നറിയിച്ചപ്പോൾ അദ്ദേഹത്തിന് വലിയ സന്തോഷമായി. എന്നെ വീട്ടിൽ കയറ്റി ഇരുത്തി. നൂറ് രൂപയുടെ പുസ്തകങ്ങൾ വാങ്ങി. അത്രയും പുസ്തകങ്ങളേ അന്ന് എന്റെ കൈയിലുണ്ടായിരുന്നുള്ളൂ. ളുഹ്ർ നമസ്കാരസമയമായപ്പോൾ ഞാൻ പോകാനിറങ്ങിയെങ്കിലും അദ്ദേഹം വിട്ടില്ല. അവിടെനിന്ന് നമസ്കരിച്ചു, ഭക്ഷണവും കഴിച്ചു. ജമാഅത്തിന്റെ കുറേ മേന്മകൾ പറഞ്ഞു അദ്ദേഹം. നേരത്തേ ജമാഅത്തിനെ മനസ്സിലാക്കിയ ആളാണ് അബൂബക്കർ ഹാജിയെന്ന് എനിക്ക് മനസ്സിലായി. അബൂബക്കർ ഹാജി മുജാഹിദ് വൃത്തത്തിലാണ് ഉണ്ടായിരുന്നതെങ്കിലും മുജാഹിദുകാരനായിരുന്നില്ല. ജമാഅത്ത് മനസ്സുള്ള ആളായിരുന്നു. ജമാഅത്തിന്റെ മീഖാത്തീ പ്രോഗ്രാം അദ്ദേഹത്തിന്റെ വീട്ടിന്റെ മുകളിൽവെച്ച് വായിച്ച് ചർച്ച ചെയ്യാറുണ്ടായിരുന്നു. ഒരു ഹൽഖ പുതുതായി രൂപീകരിക്കപ്പെട്ടാൽ പുസ്തകങ്ങൾ വാങ്ങാൻ 1000 രൂപയും ഒരു അലമാരിയും അദ്ദേഹം തരാറുണ്ടായിരുന്നു.

അബൂബക്കർ ഹാജി ആ പ്രദേശത്ത് ജമാഅത്ത് പ്രവർത്തനം സംഘടിപ്പിക്കാൻ ആവശ്യപ്പെട്ടു. അനുഭാവികളായ കുറച്ചാളുകളെയും പറഞ്ഞുതന്നു. ഞാനുടനെ അവരെയെല്ലാം പോയി കണ്ടു. അങ്ങനെ അവിടെ പ്രവർത്തനങ്ങൾ തുടങ്ങി. ഒരിക്കൽ അദ്ദേഹത്തിന്റെ നിർദേശവും കൂടി മുമ്പിൽ വെച്ചുകൊണ്ട് അവിടെ ഒരു പൊതുയോഗം സംഘടിപ്പിച്ചു. കെ.എൻ അബ്ദുല്ല മൗലവിയും അബ്ദുസ്സമദ് സമദാനിയുമായിരുന്നു പ്രസംഗകർ. പിന്നീടാണ് സമദാനി സിമിയിൽനിന്ന് പുറത്തുപോകുന്നത്. പരിപാടിയിൽ നൂറോളം ആളുകൾ പങ്കെടുത്തു. അവർക്കെല്ലാം അബൂബക്കർ ഹാജി ഭക്ഷണം ഒരുക്കിയിരുന്നു.

(തുടരും)

sadarvzkd@yahoo.com